(ബി) കുടിയാൻ മല-പൊട്ടൻപ്ലാവ്-പൈതൽ വാലി റോഡ് യാത്രാ യോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ഹൈറേഞ്ച് സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പൈതൽ മലയിൽ ഒരു ടൂറിസ്റ്റ് കോംപ്ലക്സ് നിർമ്മാണം നടന്നുവരുകയാണ്. കൂടാതെ ഇക്കോടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി സഞ്ചാരികൾക്ക് ട്രക്കിങ്ങിന് വേണ്ടിയുള്ള നടപ്പാതയും നിർമ്മിച്ചിട്ടുണ്ട്.

(ബി) ടൂറിസം വകുപ്പ് ഇപ്പോൾ റോഡ് വികസന പദ്ധതികൾ ഏറ്റെടുക്കുന്നില്ല.

കിറ്റ്സിന്റെ പ്രവർത്തനം

85 (6003) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ് സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചത് ഏത് വർഷത്തിലാണ് ;

(ബി) കിറ്റ്സിൽ തുടക്കത്തിൽ നടന്നുവന്നിരുന്നതും ഇപ്പോൾ നടന്നു വരുന്നതുമായ കോഴ്സുകൾ ഏതൊക്കെ ; വിശദീകരിക്കുമോ ;

(സി) ഇത് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്കും അദ്ധ്യാപകർക്കും പരിശീലനം നൽകുന്ന ഒരു നോഡൽ ഏജൻസി കൂടിയാണോ; എങ്കിൽ ഏതൊക്കെ വകുപ്പിലെ ഉദ്യോഗസ്ഥർക്കാണ് പരിശീലനം നൽകുന്നത് ;

(ഡി) സംസ്ഥാന ബഡ്ജറ്റിൽ കിറ്റ്സിനുള്ള വിഹിതമായി ഈ വർഷം അനുവദിച്ച തുക എത്രയെന്ന് അറിയിക്കുമോ ;

(ഇ) അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ച പ്രസ്തുത തുക കിറ്റ്സിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ തന്നെയാണോ വകകൊള്ളിച്ചിട്ടുള്ളത് ;

(എഫ്) പ്രസ്തുത തുക ടൂറിസം വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലാക്കിയിട്ട് മറ്റൊരു സ്ഥാപനത്തിനായി ചെലവുചെയ്യുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ജി) കിറ്റ്സിന് സ്വന്തമായി കെട്ടിടമുണ്ടോ ; ഇല്ലെങ്കിൽ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് ;

(എച്ച്) ട്രെയിനിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ഇപ്പോൾ നടന്നുവരുന്നുണ്ടോ ; എങ്കിൽ ഏത് ഘട്ടത്തിൽ ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) അത് സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ പുതിയ കോഴ്സുകൾക്ക് അനുമതി ലഭിക്കുന്നതിനും സ്ഥാപനത്തിന്റെ നിലനിൽപ്പ് തന്നെ ബുദ്ധിമുട്ടിലാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജെ) കഴിഞ്ഞവർഷം സ്ഥാപനത്തിനനുവദിച്ചിരുന്ന ഗ്രാന്റ് എത്ര രൂപ എന്ന് വ്യക്തമാക്കുമോ ; ഈ വർഷം അനുവദിച്ചത് എത്ര രൂപയെന്ന് വ്യക്തമാക്കുമോ ;

(കെ) സ്ഥാപനത്തിന്റെ നിലനിൽപ്പിനും ഭാവി പ്രവർത്തനവുമായി ബന്ധപ്പെട്ടും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1988-ൽ

(ബി) കോഴ്സുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) അതെ. ടൂറിസം വകുപ്പ്, വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ വകുപ്പ്, എമിഗ്രേഷൻ ഓഫീസേഴ്സ്, ടൂറിസം പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കായി പരിശീലനം നൽകുന്നുണ്ട്.

(ഡി) 2 കോടി രൂപ.

(ഇ) അതെ.

(എഫ്) "3452-80-800-78 (പ്ലാൻ)"എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തിയിട്ടുള്ള നാലു കോടിരൂപയിൽ, രണ്ടു കോടിരൂപ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിനും, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിനും വേണ്ടിയാണ് നീക്കി വച്ചിട്ടുള്ളത്.

(ജി) കിറ്റ്സ് ഇപ്പോൾ പ്രവർത്തിക്കുന്നത് ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തൈക്കാട് റസിഡൻസി ബിൽഡിംഗിലാണ്.

(എച്ച്) പുതുതായി പണിതു കൊണ്ടിരിക്കുന്ന ട്രെയിനിംഗ് കോംപ്ലക്സിന്റെ നിർമ്മാണം പുരോഗമിക്കുകയാണ്. ഏകദേശം എഴുപത് ശതമാനം ജോലികളും പൂർത്തിയായിട്ടുണ്ട്.

(ഐ) പണികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ജെ) കഴിഞ്ഞ സാമ്പത്തിക വർഷം (2009-10) കിറ്റ്സിനുള്ള പദ്ധതി വിഹിതം അൻപത് ലക്ഷം രൂപയായിരുന്നു. എന്നാൽ ഈ വർഷം (2010-11) കിറ്റ്സിനുള്ള പദ്ധതി വിഹിതം രണ്ട് കോടി രൂപയായി ഉയർത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(കെ) കിറ്റ്സിലെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി സർക്കാർ ഇപ്പോൾതന്നെ ധനസഹായം നൽകിവരുന്നുണ്ട്. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുവേണ്ട അക്കാദമിക്ക് ബ്ലോക്കിന്റെ 70% ജോലികളും പൂർത്തിയായിട്ടുണ്ട്. ഗേൾസ് ആന്റ് ബോയിസ് ഹോസ്റ്റൽ നിർമ്മാണത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്. കേരളാ യൂണിവേഴ്സിറ്റിയുടെയും എ.ഐ.സി.ടി.ഇ. യുടെയും നിർദ്ദേശം അംഗീകരിച്ചുകൊണ്ട് വിപുലമായ സൗകര്യത്തോടെ പുതിയ കംപ്യൂട്ടർ ലാബ് സജ്ജീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ വർഷം മുതൽ കേരളാ യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ ബി.എസ്സ്.സി ഹോട്ടൽ മാനേജ്മെന്റ്, ബി.ബി.എ. ട്രാവൽ ആന്റ് ടൂറിസം എം.ഫിൽ. ടൂറിസം എന്നീ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിറ്റ്സിന്റെ കാമ്പസ് വികസനവുമായി ബന്ധപ്പെട്ട ഒരു മാസ്റ്റർ പ്ലാൻ സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 5.03 ഏക്കർ സ്ഥലം കിറ്റ്സിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ

86 (6004) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കൗൺസിൽ കൃത്യമായി യോഗം ചേരാറുണ്ടോ ;

(സി) 2008, 2009, 2010 വർഷങ്ങളിൽ യഥാക്രമം എത്ര യോഗങ്ങൾ ചേർന്നു ;

(ഡി) കൗൺസിൽ പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഡി.റ്റി.പി.സി. യിൽ 18 വർഷം വരെ സർവ്വീസ് ഉള്ളവർക്ക് തുച്ഛമായ വേതനം മാത്രം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ജീവനക്കാരുടെ വേതനം പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൗൺസിൽ കൃത്യമായി യോഗം കൂടാറുണ്ട്. ഏറ്റവും ഒടുവിലായി 2010 ജൂലൈ 17-ന് കൗൺസിലിന്റെ നിർവ്വാഹകസമിതി യോഗം കളക്ടറുടെ അദ്ധ്യക്ഷതയിൻ കൂടിയിരുന്നു.

(സി) 2008-ൽ നാല്, 2009-ൽ ഒന്ന്, 2010-ൽ ഒന്ന്.

(ഡി) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly